**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 163** **03-03-2025 - ൽ മറുപടിയ്ക്ക്**

**ശബരിമല മെഡിക്കൽ സംഘം നടത്തിയ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. എം. എം. മണി,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. എ. രാജ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഇക്കഴിഞ്ഞ ശബരിമല മണ്ഡല മഹോത്സവവുമായി ബന്ധപ്പെട്ട് ശബരിമല സന്നിധാനം, പമ്പ, എരുമേലി, ഇടത്താവളങ്ങൾ, സമീപ ആശുപത്രികൾ എന്നിവിടങ്ങളിൽ മെഡിക്കൽ സംഘം നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. പത്തനംതിട്ട, കോട്ടയം, ഇടുക്കി, ആലപ്പുഴ എന്നീ നാല് ജില്ലകളിലാണ് ശബരിമല തീർത്ഥാടകർക്കായി പ്രത്യേക ആശുപത്രി സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. പത്തനംതിട്ട ജില്ലയിൽ ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് 5 ആശുപത്രികൾ 24 മണിക്കൂറും പ്രവർത്തനസജ്ജമാക്കി. ഇതോടൊപ്പം 18 എമർജൻസി മെഡിക്കൽ സെന്ററുകൾ പരിശീലനം ലഭിച്ച സ്റ്റാഫ് നേഴ്സുമാരെ ഉപയോഗിച്ച് നടത്തുകയുണ്ടായി. ഇതിനുപുറമേ പത്തനംതിട്ട ജില്ലയിലെ പ്രധാന ആശുപത്രികളെല്ലാം തീർത്ഥാടകരുടെ ആരോഗ്യ സംരക്ഷണത്തിനായി സജ്ജീകരിച്ചിരുന്നു. കോട്ടയം ജില്ലയിൽ എരുമേലി സാമൂഹിക ആരോഗ്യ കേന്ദ്രം, താവളം ഡിസ്പെൻസറി, കാളകെട്ടി ഡിസ്പെൻസറി എന്നിവിടങ്ങളിൽ ഡോക്ടറുടെ സേവനവും 3 സ്ഥലങ്ങളിൽ ഓക്സിജൻ പാർലറുകളും ഒരു മൊബൈൽ മെഡിക്കൽ യൂണിറ്റും പ്രവർത്തിച്ചു. ഇടുക്കി ജില്ലയിൽ കാനനപാതയിൽ സത്രം, പുല്ലുമേട് എന്നിവിടങ്ങളിൽ മെഡിക്കൽ സേവനം നൽകി. മുക്കുഴിയിൽ 24 മണിക്കൂറും മെഡിക്കൽ സേവനം നൽകിയിട്ടുണ്ട്. ആലപ്പുഴയിലെ പ്രവർത്തനങ്ങൾ ചെങ്ങന്നൂർ ജില്ലാ ആശുപത്രി കേന്ദ്രീകരിച്ചാണ് നടന്നത്. ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന മെഡിക്കൽ ടീമിന്റെ സേവനം നൽകി. ചെങ്ങന്നൂർ മഹാദേവ ക്ഷേത്രത്തിലും ചെങ്ങന്നൂർ ഗവൺമെന്റ് ജില്ലാ ആശുപത്രിയിലും പ്രത്യേക O.P സൗകര്യം ഏർപ്പെടുത്തി. 4 ജില്ലകളിലും ഭക്ഷ്യ സുരക്ഷയുടെ ഭാഗമായി പരിശോധനകൾക്ക് ടീമിനെ നിയോഗിക്കുകയും നടപടി സ്വീകരിക്കുകയും ചെയ്തു. പകർച്ചവ്യാധി നിയന്ത്രണത്തിന്റെ ഭാഗമായി ഫോഗിങ്ങ്, സ്പ്രേയിങ്ങ്, ശുചീകരണ പ്രവർത്തനങ്ങൾ എന്നിവ കാര്യക്ഷമമാക്കി. |

2024-25വർഷത്തെ ശബരിമല മണ്ഡല മകര വിളക്ക് ഉത്സവത്തോടനുബന്ധിച്ച് കോന്നി സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയെ ബെയ്സ് ഹോസ്പിറ്റലാക്കുകയും, സംസ്ഥാനത്തിന്റെ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിൽ നിന്ന് തീർത്ഥാടകർക്ക് വൈദ്യ സഹായം നൽകാനായി ജീവനക്കാരെ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിക്കുകയും ചെയ്തിരുന്നു. ഒ.പി, ഐ പി കാഷ്വാലിറ്റി സേവനങ്ങൾ നൽകുകയും ചെയ്തിരുന്നു. ശബരിമല തീർത്ഥാടകർക്ക് വൈദ്യസഹായം ലഭിക്കുന്നതിനായി പമ്പ, അപ്പാച്ചിമേട്, നീലിമല, സന്നിധാനം എന്നിവിടങ്ങളിൽ കാർഡിയോളജി വിഭാഗത്തിൽ നിന്നും 40 ഡോക്ടർമാരെയും, പൾമണറി മെഡിസിൻ / ജനറൽ മെഡിസിൻ വിഭാഗങ്ങളിൽ നിന്നായി 40 ഡോക്ടർമാരെയും റൊട്ടേഷൻ വ്യവസ്ഥയിൽ മണ്ഡലകാലം തീരുന്നതുവരെ നിയമിച്ചിരുന്നു. ഇവരിലൂടെ ആവശ്യമായവർക്കെല്ലാം മെച്ചപ്പെട്ട ചികിത്സ നൽകാൻ സാധിച്ചു. ശബരിമല മഹോത്സവവുമായി ബന്ധപ്പെട്ട് കോട്ടയം ഗവ. മെഡിക്കൽ കോളേജ് ആശുപത്രി റഫറൽ സെന്റർ ആയി പ്രവർത്തിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട സന്നദ്ധ സംഘടനകളുടെ സഹായത്തോടെ അയ്യപ്പ ഭക്തർക്ക് സേവനം നൽകുന്നതിനായി ഹെൽപ്പ് ഡസ്ക് ഈ ആശുപത്രിയിൽ പ്രവർത്തിച്ചിരുന്നു. ശബരിമല മണ്ഡല മഹോത്സവ കാലത്തോടനുബന്ധിച്ച് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയുടെ പരിധിയിൽ വരുന്ന ഏറ്റുമാനൂർ മഹാദേവ ക്ഷേത്രത്തിൽ നവംബർ 14/2024 മുതൽ ജനുവരി 20/2025 വരെ ഹെൽത്ത് ഡസ്ക് പ്രവർത്തിച്ചിരുന്നു. മെഡിക്കൽ സംഘം ഇ ഹെൽത്ത് ഡസ്ക് വഴി ക്ഷേത്രത്തിൽ വരുന്ന ഭക്ത ജനങ്ങൾക്കും അന്യ സംസ്ഥാനത്തിൽ നിന്നും വരുന്ന ശബരിമല തീർത്ഥാടകർക്കും ആവശ്യമായ ചികിത്സാ സൗകര്യങ്ങളും പ്രാഥമിക ശുശ്രൂഷയും മറ്റും നൽകിയിരുന്നു. ക്ഷേത്രത്തിന് ഉള്ളിലും, പരിസരത്തും ഉള്ള ജല സ്രോതസ്സുകൾ ക്ലോറിനേഷൻ വിധേയമാക്കുകയും ഭക്ഷ്യ സുരക്ഷ ഉറപ്പ് വരുത്തുകയും ചെയ്തു.

2024-25 വർഷത്തെ ശബരിമല മണ്ഡല മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് പമ്പ, സന്നിധാനം, എരുമേലി എന്നിവിടങ്ങളിലെ താൽക്കാലിക ഗവ. ആയുർവ്വേദ ഡിസ്പെൻസറികളിൽ മണ്ഡലകാലത്തിന് അഞ്ച് ദിവസം മുമ്പേ പ്രവർത്തനം ആരംഭിക്കുകയും, ആവശ്യമായ ക്രമീകരണങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. ടി താത്ക്കാലിക ഡിസ്പെൻസറികളിൽ നിർബന്ധിത സേവനത്തിനായി നിയോഗിച്ച മെഡിക്കൽ ഓഫീസർ, ഫാർമസിസ്റ്റ്, തെറാപ്പിസ്റ്റ്, അറ്റൻഡർ, പാർട്ട് ടൈം

| | | | |
|---|---|---|---|
| | | | സ്വീപ്പർ തുടങ്ങിയ ജീവനക്കാർ യഥാസമയം ഡ്യൂട്ടിക്ക് ഹാജരായിട്ടുണ്ട്.<br><br>ദേവസ്വം ബോർഡ് ഭാരതീയ ചികിത്സാ വകുപ്പിന് അനുവദിച്ച SAHAS എന്ന ബോർഡിന്റെ കെട്ടിടം കൂടി ഉപയോഗപ്പെടുത്തി കൊണ്ട് ക്രിയാ കർമ്മങ്ങൾ, തെറാപ്പി തുടങ്ങിയ സൗകര്യങ്ങളൊരുക്കി വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലമാക്കി അതു വഴി രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ നൽകുവാൻ കഴിഞ്ഞിട്ടുണ്ട്.<br><br>മണ്ഡല മകരവിളക്ക് കാലത്ത് പമ്പ, സന്നിധാനം, എരുമേലി എന്നീ താൽക്കാലിക ഗവ. ആയുർവ്വേദ ഡിസ്പെൻസറി പരിസരങ്ങളിലും, സന്ധ്യാ സമയത്ത് സന്നിധാനം ശ്രീകോവിൽ പരിസരങ്ങളിലും ആയുർവേദ വകുപ്പിൽ നിന്നും വിതരണം ചെയ്ത അപരാജിതധൂപ ചൂർണ്ണം പുകയ്ക്കുകയും, തീർത്ഥാടകർക്ക് ഷഡംഗം ചൂർണ്ണ കഷായം വിതരണം നടത്തുകയും, സ്റ്റീം ഇൻഹലേഷൻ, ഐ.ആർ ചികിത്സ, ബാൻഡേജിംഗ്, തിരുമ്മൽ ചികിത്സ എന്നിവ മണ്ഡല കാലത്തുടനീളം രോഗികൾക്ക് നൽകിയിട്ടുമുണ്ട്. തീർത്ഥാടകരെ കൂടാതെ വിവിധ വകുപ്പുകളിലെ ജീവനക്കാരും, തൊഴിലാളികളും പ്രസ്തുത സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ട് |
| (ബി) | ആരോഗ്യവകുപ്പിന്റെ നിർദ്ദേശങ്ങൾ കുറ്റമറ്റനിലയിലും കാര്യക്ഷമമായും നടത്തുന്നതിനായി സ്വീകരിച്ച മുൻകരുതലുകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (ബി) | ആരോഗ്യവകുപ്പിലെ സംസ്ഥാനതല ഉദ്യോഗസ്ഥരുടെയും പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, ഇടുക്കി എന്നീ നാല് ജില്ലകളുടെ പ്രധാന ഉദ്യോഗസ്ഥരുടെയും അവലോകനയോഗങ്ങൾ ഒന്നിലധികം തവണ മണ്ഡല-മകരവിളക്ക് കാലത്തിനു മുൻപേ തന്നെ ആരോഗ്യ മന്ത്രി വിളിച്ചു ചേർക്കുകയും മുന്നൊരുക്കങ്ങൾ വിലയിരുത്തുകയുമുണ്ടായി. ആരോഗ്യ ഡയറക്ടർ, ശബരിമല സ്റ്റേറ്റ് നോഡൽ ഓഫീസറുമായി ചേർന്ന് പമ്പയിൽ സന്ദർശനം നടത്തുകയും 4 ജില്ലകളിലെയും ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. 04.11.2024-ന് ആരോഗ്യവകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ പമ്പയിൽ വച്ച് ഒരിക്കൽ കൂടി മുന്നൊരുക്കങ്ങൾ കൃത്യമായി വിലയിരുത്തുകയും നിലക്കൽ, പമ്പ ആശുപത്രികൾ ആരോഗ്യവകുപ്പ് മന്ത്രി നേരിട്ട് സന്ദർശിക്കുകയും ചെയ്തു.<br><br>എമർജൻസി മെഡിക്കൽ സെന്ററിലെ ജീവനക്കാർക്ക് എമർജൻസി കെയറിനെ കുറിച്ച് പരിശീലനം നൽകി. ദേവസ്വം വകുപ്പ്, പോലീസ്, ഫയർഫോഴ്സ്, മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ് എന്നിവ അടക്കമുള്ള വകുപ്പുകളിൽ നിന്നു ശബരിമലയിൽ നിയോഗിച്ചിട്ടുള്ള വിവിധ വിഭാഗം ജീവനക്കാർക്ക് ഫസ്റ്റ് എയ്ഡ് ട്രെയിനിങ് നൽകി. ബയോമെഡിക്കൽ ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത പരിശോധിച്ച |

ഉറപ്പുവരുത്തുകയും ചെയ്തു. കൂടാതെ എല്ലാ ആശുപത്രികളിലും ഹൃദയസംബന്ധമായ മരുന്നുകൾ, ആന്റി സ്നേക്ക് വെനം, ആന്റി റാബിസ് വാക്സിൻ, എന്നിവ ഉൾപ്പെടെ എല്ലാ തരം മരുന്നുകളുടെയും ലഭ്യത ഉറപ്പാക്കി. പമ്പയിൽ 22 ആംബുലൻസുകളും (ALS -8, BLS - 14) സന്നിധാനത്തു KMSCL ലഭ്യമാക്കിയ ഒരു ALL Terrain ആംബുലൻസ് ഉൾപ്പെടെ 3 All Terrain ആംബുലൻസുകൾ സജ്ജമാക്കിയിരുന്നു. മകരജ്യോതി ദിവസം എല്ലാ വ്യൂ പോയിന്റുകളിലും അധിക ആംബുലൻസുകളും മെഡിക്കൽ ടീമും സജ്ജമാക്കിയിരുന്നു.

2024-25 വർഷത്തെ തീർത്ഥാടനത്തോടനുബന്ധിച്ച് *മെഡിക്കൽ വിദ്യാഭ്യാസ* വകുപ്പിലെ പാരാമെഡിക്കൽ ജീവനക്കാരുടെ ലിസ്റ്റ് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നൽകുകയും ആരോഗ്യ വകുപ്പ് ഡയറക്ടർ ഇവരെ ശബരിമല ഡ്യൂട്ടിക്കായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ശബരിമലയിൽ എത്തിച്ചേർന്ന ഭക്തരുടെ ആരോഗ്യ സുരക്ഷയ്ക്കും അടിയന്തിര സാഹചര്യങ്ങളിൽ വൈദ്യ സഹായം ലഭ്യമാക്കുന്നതിനും വേണ്ടി *മെഡിക്കൽ വിദ്യാഭ്യാസ* വകുപ്പിലെ കാർഡിയോളജി, പൾമണറി, ജനറൽ മെഡിസിൻ വിഭാഗങ്ങളിൽ നിന്നും പുരുഷ ഡോക്ടർമാരെ ശബരിമല സന്നിധാനം, അപ്പാച്ചിമേട്, നീലിമല, പമ്പ എന്നിവിടങ്ങളിൽ നിയമിക്കുകയും ഇത് സംബന്ധിച്ച പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കോട്ടയം മെഡിക്കൽ കോളേജിലെ അനസ്തേഷ്യോളജി വിഭാഗം അസോസിയേറ്റ് പ്രൊഫസർ, ഡോ രതീഷ് കുമാർ ആർ നെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു.

2024-25 ശബരിമല മഹോത്സവവുമായി ബന്ധപ്പെട്ട് ബേസ് ഹോസ്പിറ്റലായി പ്രവർത്തിച്ച കോന്നി മെഡിക്കൽ കോളേജിലേയ്ക്ക് അധിക ഡോക്ടർമാരെ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയോഗിച്ചു. അതോടൊപ്പം തന്നെ ബേസ് ഹോസ്പിറ്റലിൽ അധിക സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി കൂടുതൽ പാരാമെഡിക്കൽ വിഭാഗം ജീവനക്കാരെ നിയോഗിച്ചിരുന്നു. കോന്നി മെഡിക്കൽ കോളേജിൽ രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ നൽകുന്നതിനായുള്ള സൗകര്യങ്ങളും, ആവശ്യത്തിനുള്ള മരുന്നുകളും സജ്ജമാക്കിയിരുന്നു. അതോടൊപ്പം തന്നെ ചുവടെ പറയുന്നവ കൂടി കോന്നി മെഡിക്കൽ കോളേജിൽ സജ്ജമാക്കിയിരുന്നു.

1. ഓക്സിജൻ സൗകര്യത്തോടു കൂടിയ 30 കിടക്കകളുള്ള വാർഡ്

| | | | |
|---|---|---|---|
| | | | 2. 03 ICU<br><br>3. 02 വെൻ്റിലേറ്റർ<br><br>4. 24 മണിക്കൂർ പ്രവർത്തിക്കുന്ന 108 ആംബുലൻസ്<br><br>5. ശബരിമലയിൽ നിന്നും എത്തുന്ന രോഗികൾക്കായി ആശുപത്രിയിലുള്ള പരിശോധനകൾ (ലാബ് ടെസ്റ്റുകൾ) സൗജന്യമായി നൽകി.<br><br>6. ശബരിമലയിൽ നിന്നും എത്തുന്ന രോഗികൾക്കായി ക്യാന്റീനിൽ നിന്നും ഭക്ഷണത്തിനുള്ള ഏർപ്പാടുകൾ ചെയ്തിരുന്നു.<br><br>എല്ലാ അടിയന്തിര ഘട്ടങ്ങളും നേരിടുന്നതിനായുള്ള സംവിധാനങ്ങൾ ശബരിമല മുന്നൊരുക്കങ്ങളുടെ ഭാഗമായി ത്രിതല സെന്ററായ കോട്ടയം മെഡിക്കൽ കോളേജിൽ സജ്ജമാക്കിയിരുന്നു. ശബരിമല ഇടത്താവളമായ ഏറ്റുമാനൂർ മഹാദേവ ക്ഷേത്രത്തിൽ എത്തുന്ന ഭക്തരുടെ ആരോഗ്യ സുരക്ഷയ്ക്കായി ഏറ്റുമാനൂർ കെ എം സി എഫ് എച്ച് സി - യിൽ ഡോക്ടർമാരെ നിയോഗിച്ചിരുന്നു.<br><br>ശബരിമല-മണ്ഡല മകരവിളക്ക് മഹോത്സവവുമായി ബന്ധപ്പെട്ട് ഹോമിയോപ്പതി വകുപ്പിൻ്റെ നേതൃത്വത്തിൽ പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന താൽക്കാലിക ഹോമിയോ ഡിസ്പെൻസറികൾ സജ്ജീകരിക്കുകയും പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസറെ വകുപ്പിൻ്റെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്തു. ശബരിമല-മണ്ഡല മകരവിളക്ക് മഹോത്സവവുമായി ബന്ധപ്പെട്ട് അറിയിപ്പ് ലഭ്യമായപ്പോൾ 7 ഘട്ടങ്ങളിലായി ജീവനക്കാരെ ഉൾപ്പെടുത്തി ഡ്യൂട്ടി ക്രമീകരിച്ചിരുന്നു. നാഷണൽ ആയുഷ് മിഷനിൽ നിന്നുള്ള ജീവനക്കാരുടെ സേവനവും ഉപയോഗപ്പെടുത്തി. |
| (സി) | പ്രസ്തുത നടപടികളുടെ ഫലമായി ഇക്കാലയളവിൽ എത്ര തീർത്ഥാടകരെ ജീവാപായത്തിൽ നിന്നും രക്ഷപ്പെടുത്താനായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | ശബരിമലയിലെ വിവിധ ആശുപത്രികളിലായി 2,66,555 പേർക്ക് സേവനം നൽകിയിട്ടുണ്ട്. ഇതിൽ 195 പേർക്ക് ഹൃദയാഘാതവും 4 പേർക്ക് പാമ്പുകടിയും 281 പേർക്ക് റോഡപകടങ്ങളും സംഭവിച്ചതിനും ചികിത്സ നൽകിയിട്ടുണ്ട്. വിവിധ എമർജൻസി മെഡിക്കൽ സെന്ററുകളിലായി ജന്നി രോഗം (withdrawal seizures) ബാധിച്ച 119 പേരെ ചികിത്സിച്ച് സുഖപ്പെടുത്തി. ഹൃദയസംബന്ധമായ അസുഖത്തിന് 74 പേർക്ക് ശബരിമലയിലെ വിവിധ ആശുപത്രികളിലായി thrombolysis ചികിത്സ നൽകി. നിലയ്ക്കൽ മുതൽ സന്നിധാനം വരെയുള്ള ആശുപത്രികളിൽ 204 പേർക്ക് വിവിധ ഹൃദയസംബന്ധമായ അസുഖങ്ങൾക്ക് ചികിത്സ നൽകി. ഇതിൽ 159 പേരെ രക്ഷപ്പെടുത്തി. 45 പേർ |

| | | | |
|---|---|---|---|
| | | | ശബരിമലയിൽ വച്ചും 13 പേർ കോട്ടയം മെഡിക്കൽ കോളേജിൽ വച്ചും ഒരാൾ ചെങ്ങന്നൂർ ജില്ലാശുപത്രിയിലും മരണത്തിന് കീഴടങ്ങി. നാഡീ സംബന്ധമായ അസുഖങ്ങൾ ബാധിച്ച് 5861 പേരെ ചികിത്സിച്ചു. ഇതിൽ പക്ഷാഘാതം സംഭവിച്ച 2 പേരെ പത്തനംതിട്ട ജനറൽ ആശുപത്രിയിൽ എത്തിച്ച് സുഖപ്പെടുത്തി. പത്തനംതിട്ട ജനറൽ ആശുപത്രിയിലെ രണ്ട് കാർഡിയോളജിസ്റ്റുമാർക്ക് പുറമേ ഓരോ കാർഡിയോളജിസ്റ്റിനെ വിവിധ ജില്ലകളിൽ നിന്നും റൊട്ടേഷൻ അടിസ്ഥാനത്തിൽ ജനറൽ ആശുപത്രി പത്തനംതിട്ടയിൽ പോസ്റ്റ് ചെയ്യുകയുണ്ടായി.അമിതമായ ഭക്തജന തിരക്ക് ഉണ്ടായിരുന്നെങ്കിലും മരണനിരക്ക് മുൻവർഷത്തേക്കാൾ വളരെ നന്നായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.<br><br>ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് കോന്നി സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ 344 തീർത്ഥാടകർക്ക് ചികിത്സ നൽകിയിട്ടുണ്ട്. അയപ്പ ഭക്തർക്ക് കോട്ടയം ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിന്നും സൗജന്യ ചികിത്സ നൽകുകയുണ്ടായി MRI, CT, USG ഉൾപ്പെടെയുള്ള സ്കാനിംഗുകളും, ഹൃദയ സംബന്ധമായ അസുഖവുമായി എത്തിയവർക്ക് Angiogram, CABG ചികിത്സകളും കൂടാതെ അടിയന്തിര സർജറികളും സൗജന്യമായി നൽകുകയുണ്ടായി. ചികിത്സ കഴിഞ്ഞപ്പോൾ ആവശ്യമായിരുന്ന വസ്ത്രങ്ങളും മറ്റും കോട്ടയം ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിന്നും നൽകുകയുണ്ടായി. |
| (ഡി) | മെഡിക്കൽ സംഘത്തിൽ എത്ര ജീവനക്കാർ ഉണ്ടായിരുന്നെന്നും അവർ തീർത്ഥാടകർക്ക് എന്തെല്ലാം സേവനങ്ങളാണ് നൽകി വന്നതെന്നും വിശദമാക്കാമോ? | (ഡി) | ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ആരോഗ്യവകുപ്പിൽ നിന്നും മെഡിക്കൽ സേവനങ്ങൾ ലഭ്യമാക്കുന്നതിലേക്കായി വിവിധ ആശുപത്രികളിൽ ആരോഗ്യവകുപ്പിൽ നിന്നും ഡോക്ടർമാർ, നേഴ്സിങ് ഓഫീസർ, ഫാർമസിസ്റ്റ്, നേഴ്സിങ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റന്റന്റ്, ലാബ് ടെക്നീഷ്യൻ, റേഡിയോഗ്രാഫർ എന്നിവരെയാണ് നിയമിച്ചു വരുന്നത്. ഡോക്ടർമാരുടെ വിഭാഗത്തിൽ സ്പെഷ്യലിസ്റ്റുകൾ ആയി ഓർത്തോപിഡീഷ്യൻ, ഫിസിഷ്യൻ, പീഡിയാട്രീഷ്യൻ, ജൂനിയർ കൺസൾട്ടന്റ്, ജനറൽ സർജൻ, അനസ്തീഷ്യ സ്പെഷ്യലിസ്റ്റ് എന്നിവരും വിവിധ ബാച്ചുകളിലായി സേവനമനുഷ്ഠിച്ചിരുന്നു. ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | ഡോക്ടർ | 336 |

| | | |
|---|---|---|
| 2 | നേഴ്സിങ് ഓഫീസർ | 286 |
| 3 | ഫാർമസിസ്റ്റ് | 110 |
| 4 | ഹോസ്പിറ്റൽ അറ്റന്റന്റ് | 110 |
| 5 | ലാബ് ടെക്നീഷ്യൻ, | 30 |
| 6 | റേഡിയോഗ്രാഫർ | 20 |
| 7 | നഴ്സിംഗ് അസിസ്റ്റന്റ് | 85 |

ഇതിനു പുറമെ ഡ്രൈവർമാർ, ഹെൽത്ത് സൂപ്പർവൈസർമാർ, ഹെൽത്ത് ഇൻസ്‌പെക്ടർമാർ, തുടങ്ങിയ വിഭാഗങ്ങളിൽപ്പെട്ട ആരോഗ്യവകുപ്പ് ജീവനക്കാരെയും വിവിധ പ്രവർത്തനങ്ങൾക്കായി വിവിധ സ്ഥലങ്ങളിൽ നിയോഗിച്ചിരുന്നു. ഇതിനു പുറമെ പമ്പയിൽ 22 ആംബുലൻസുകളും (ALS -8, BLS - 14) സന്നിധാനത്തു KMSCL ലഭ്യമാക്കിയ ഒരു ALL Terrain ആംബുലൻസ് ഉൾപ്പെടെ 3 All Terrain ആംബുലൻസുകൾ സജ്ജമാക്കിയിരുന്നു. മകരജ്യോതി ദിവസം എല്ലാ വ്യൂ പോയിന്റുകളിലും അധിക ആംബുലൻസുകളും മെഡിക്കൽ ടീമും സജ്ജമാക്കിയിരുന്നു.

ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് കോന്നി മെഡിക്കൽ കോളേജിൽ 80 ഡോക്ടർമാരേയും 120 പാരാമെഡിക്കൽ ജീവനക്കാരേയും ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിരുന്നു. 2024-25 വർഷത്തെ ശബരിമല മണ്ഡല മകര വിളക്ക് സുരക്ഷയ്ക്കും അടിയന്തിര സാഹചര്യങ്ങളിൽ വൈദ്യ സഹായം ലഭ്യമാക്കുന്നതിനുമായി ശബരിമല സന്നിധാനം, പമ്പ, അപ്പാച്ചിമേട്, നീലിമല എന്നിവിടങ്ങളിലായി കാർഡിയോളജി വിഭാഗത്തിൽ നിന്നായി 10 ഡോക്ടർമാരെ നിയമിച്ചു. ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് കോന്നി മെഡിക്കൽ കോളേജിനെ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ആക്കുന്നതിൻ്റെ ഭാഗമായി കോട്ടയം മെഡിക്കൽ കോളേജിൽ നിന്നും ജനറൽ മെഡിസിൽ, ജനറൽ സർജറി വിഭാഗങ്ങളിൽ നിന്നും 19 ഡോക്ടർമാരെയും 3 ജൂനിയർ ലാബ് അസിസ്റ്റന്റുമാർ, 5 ലാബ് ടെക്നീഷ്യൻമാർ, 3 റേഡിയോ ഗ്രാഫർ എന്നിവരെ നിയമിച്ചു. ആരോഗ്യ വകുപ്പിന്റെ നിർദ്ദേശ പ്രകാരം പ്രൈമറി ഹെൽത്ത് സെന്ററുകളിലായി ഈ കോളേജിൽ നിന്നും 4 സ്റ്റാഫ് നഴ്സുമാരെയും നിയമിക്കുകയുണ്ടായി. കോട്ടയം മെഡിക്കൽ കോളേജിൻ്റെ പരിധിയിൽ വരുന്ന ഏറ്റുമാനൂർ കെ എം സി എച്ച് സി -യിൽ ഹെൽത്ത് ഡെസ്ക് വഴി ചികിത്സ തേടിയവരിൽ 70 പേരെ വിദഗ്ദ ചികിത്സയ്ക്കായി റഫർ ചെയ്യുകയുണ്ടായി. നവംബർ 18/2024 മുതൽ ജനുവരി 20/2025 വരെ 1 മെഡിക്കൽ ഓഫീസർ, 1 ജൂനിയർ ഹെൽത്ത്

| | | | |
|---|---|---|---|
| | | | ഇൻസ്പെക്ടർ, 1 ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, 1 ആശ പ്രവർത്തക എന്നിവർ അടങ്ങുന്ന ടീം ഹെൽത്ത് ഡസ്കിനെ സമീപിക്കുന്ന രോഗികൾക്ക് പ്രാഥമിക ശുശ്രൂഷയും, ചികിത്സയും നൽകി വന്നു. അടിയന്തിരമായി വിദഗ്ദ ചികിത്സ വേണ്ടി വരുന്ന സാഹചര്യം റഫർ ചെയ്യുകയും ചെയ്തിരുന്നു.<br><br>2024 നവംബർ 15 മുതൽ 2025 ജനുവരി 19 വരെ ഹോമിയോപതി വകുപ്പിലെ ജീവനക്കാരെ ഏഴു ഘട്ടങ്ങളിലായി ജോലിക്ക് നിയോഗിച്ചു. പമ്പ, സന്നിധാനം ഡിസ്പെൻസറികളിൽ 2 ഡോക്ടർമാർ, 2 അറ്റൻഡർമാർ, 1 ക്ലീനർ എന്നിവരുടെ ദൈനംദിന സേവനം ഉറപ്പു വരുത്തി. ആകെ 14 മെഡിക്കൽ ഓഫീസർമാർ, 24 ഫാർമസിസ്റ്റുമാർ, 19 അറ്റൻഡർമാർ എന്നിവരെ കൂടാതെ നാഷണൽ ആയുഷ് മിഷനിൽ നിന്നുള്ള 14 ഡോക്ടർമാരെയും ക്ലീനിംഗ് സ്റ്റാഫുകളെയും ഉൾപ്പെടുത്തി പ്രവർത്തനം സുഗമമാക്കി. ചികിത്സക്കെത്തിയ എല്ലാ രോഗികൾക്കും ആവശ്യമായ ചികിത്സ ലഭ്യമാക്കി. ടി കാലയളവിൽ ചിക്കൻപോക്സ് റിപ്പോർട്ട് ചെയ്യപ്പെട്ടതിനാൽ റീച്ച് പ്രോട്ടോകോൾ പ്രകാരം പ്രതിരോധ മരുന്നുകൾ വിതരണം ചെയ്തു.<br><br>സന്നിധാനം, പമ്പ, എരുമേലി എന്നീ താത്ക്കാലിക ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറികളിൽ 10 ഘട്ടങ്ങളിലായി 234 ജീവനക്കാരെ നിയോഗിച്ചിരുന്നു. കൂടാതെ നാഷണൽ ആയുഷ് മിഷൻ മുഖാന്തരം 43 ജീവനക്കാരെ കൂടി നിയോഗിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ